കോ-ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 04/2022 27.02.2022

# സാന്ത്വനത്തിന്റെ കരസ്പർശം
# നാം നിർമിച്ച രണ്ട് വീടുകൾ കൈമാറി



നേരത്തെ പ്രഖ്യാപിച്ചതുപോലെ സംഘടനയുടെ ആഭിമുഖ്യത്തിൽ നാം നിർമിച്ചുനൽകുന്ന വീടുകളുടെ താക്കോൽ കൈമാറ്റ ചടങ്ങ് 2022 ജനുവരി 20 ന് വ്യാഴാഴ്ച കണ്ണൂർ എടയന്നൂരിലും ഫെബ്രുവരി 27 ന് മലപ്പുറം കോട്ടക്കലിലുമായി സംഘടിപ്പിച്ചു. കണ്ണൂരിലെ വീടിന്റെ ഗുണഭോക്താവായ എടയന്നൂർ ശാഖയിലെ ശ്രീമതി ശ്യാമളയ്ക്ക്, സ്ഥലം എംഎൽഎയും മുൻ സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രിയുമായ സ. കെ കെ ശൈലജ ടീച്ചറാണ് താക്കോൽ കൈമാറിയത്. അതുപോലെ കോട്ടക്കൽ ശാഖയിലെ ശ്രീമതി ഷീജയ്ക്ക്, സംസ്ഥാന കായിക വകുപ്പ് മന്ത്രി ശ്രീ. വി അബ്ദുറഹിമാൻ വീടിന്റെ താക്കോൽ കൈമാറി.

കോവിഡ് മൂന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ, ആൾക്കൂട്ടങ്ങൾ ഒഴിവാക്കി നിലവിലെ പ്രോട്ടോകോൾ പ്രകാരം പരിമിതമായ ആളുകളെ മാത്രം ഉൾപ്പെടുത്തിയാണ് പ്രസ്തുത ചടങ്ങുകൾ സംഘടിപ്പിച്ചത്. ജനുവരി 20 ന് കണ്ണൂരിൽ സംഘടിപ്പിച്ച ചടങ്ങിൽ ഭവന നിർമാണ കമ്മിറ്റി ചെയർമാൻ എം ഗംഗാധരൻ അധ്യക്ഷത വഹിച്ചു. കീഴല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ വി മിനി, AIRRBEA പ്രസിഡന്റ് സി രാജീവൻ, എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി ബിഗേഷ് ഉണ്ണിയൻ, ഓഫീസേഴ്സ് യൂണിയൻ പ്രസിഡന്റ് പി രാജേഷ്, ജനറൽ സെക്രട്ടറി അനൂപ് ടി ജി, വാർഡ് മെമ്പർ കെ വി ഷീജ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി സി പി ഭാനുപ്രകാശ് സ്വാഗതം പറഞ്ഞു.

ഫെബ്രുവരി 27 ന് മലപ്പുറം കോട്ടക്കലിലെ പറപ്പൂർ പാലാണിയിൽ വെച്ച് സംഘടിപ്പിച്ച ചടങ്ങിൽ സഖാക്കൾ വി പി അനിൽ (CITU സംസ്ഥാന കമ്മിറ്റിയംഗം), വി ടി സോഫിയ (ജില്ലാ സെക്രട്ടറി, ജനാധിപത്യ മഹിളാ അസോസിയേഷൻ), സി രാജീവൻ (പ്രസിഡന്റ്, AIRRBEA), ടി പി അലവികുട്ടി, ജി കണ്ണൻ (ജില്ലാ സെക്രട്ടറി, BEFI), കെ ജി മദനൻ, എൻ മീന (പ്രസിഡന്റ്, KGBEU) എന്നിവർ സംസാരിച്ചു. ഭവന നിർമാണ കമ്മിറ്റി ചെയർമാൻ സ. ഹമീദ് (പറപ്പൂർ പഞ്ചായത്ത് അംഗം) അധ്യക്ഷത വഹിച്ച പരിപാടിയിൽ എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി ബിഗേഷ് ഉണ്ണിയൻ സ്വാഗതവും കെ ടി ചന്ദ്രൻ നന്ദിയും പറഞ്ഞു.

നമ്മുടെ സംഘടനയ്ക്ക് മലപ്പുറത്ത് സ്വന്തമായി ഒരു ആസ്ഥാനമന്ദിരം പണിയുന്നതിനോടൊപ്പം സ്വീപ്പർ തസ്തികയിൽ നമുക്കിടയിൽ ജോലിചെയ്യുന്നവരിൽ സ്വന്തമായി വീടില്ലാത്ത രണ്ടു പേരെ കണ്ടെത്തി അവർക്ക് വീട് നിർമ്മിച്ച് നൽകുക എന്നുള്ള ഉദാത്തമായ തീരുമാനമാണ് ഇവിടെ നടപ്പിലാക്കുന്നത്. ഈ ആവശ്യത്തിനായി സംസ്ഥാനത്തുടനീളമുള്ള ബാങ്കിന്റെ ശാഖകൾ/ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും നാം അപേക്ഷ ക്ഷണിച്ചു. ലഭിച്ച അപേക്ഷകളിൽ നിന്നും സ. എൻ സുരേഷ് കൺവീനർ ആയിട്ടുള്ള സബ് കമ്മിറ്റി രണ്ടു പേരെ തിരഞ്ഞെടുക്കുകയും, അത് സംഘടനയുടെ കേന്ദ്രകമ്മിറ്റി അംഗീകരിക്കുകയും ചെയ്ത വിവരം നേരത്തെ നാം സർക്കുലർ വഴി അറിയിച്ചിരുന്നു. അതനുസരിച്ചാണ് ശ്രീമതി ശ്യാമള (കെജിബി എടയന്നൂർ), ശ്രീമതി ഷീജ (കെ.ജി.ബി കോട്ടക്കൽ) എന്നിവർക്കുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങളുമായി സംഘടന മുന്നോട്ടു പോയത്.



നമുക്ക് ലഭ്യമായ അപേക്ഷകളുടെ എണ്ണം അൻപതിലധികമായിരുന്നു. എല്ലാം ഒന്നിനൊന്ന് അവശത അനുഭവിക്കുന്നവർ. അത്തരമൊരു യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട് പതിനൊന്നാം ഉഭയകക്ഷി കരാർ ലെവിയുടെ പശ്ചാത്തലത്തിൽ, നിലവിൽ നാം പ്രഖ്യാപിച്ചത് പ്രകാരമുള്ള രണ്ട് വീടുകൾക്കു പുറമേ വേറെയും രണ്ടു വീടുകൾ കൂടി (സ്വീപ്പിംഗ് ജോലി ചെയ്യുന്ന നിർധനരായ സഹപ്രവർത്തകർക്ക്) നിർമ്മിച്ചു നൽകണമെന്ന തീരുമാനവും സംഘടന കൈക്കൊണ്ടു. ഇതനുസരിച്ച് നേരത്തെ ലഭ്യമായ അപേക്ഷകൾക്ക് പുറമെ അപേക്ഷ അയക്കാൻ വിട്ടുപോയവർ ഉണ്ടെങ്കിൽ വീണ്ടും അപേക്ഷ ക്ഷണിക്കുകയും അതിന്റെ ഗുണഭോക്താക്കളെ കണ്ടെത്താൻ ഉള്ള പ്രവർത്തനങ്ങൾ നടന്നു

വരികയുമാണ്.  ഈയടുത്താണ്, നമ്മുടെ ബാങ്കിലെ മലപ്പുറം ജില്ലയിലെ കൂട്ടായി ശാഖയിലെ ഡെയിലി വേജർ ഷംസുദ്ദീൻ ആകസ്മികമായി മരണപ്പെടുന്നത്. വർഷങ്ങളായി നമ്മുടെ ബാങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടും സ്വന്തമായി ഒരു വീട് എന്നുള്ള സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കാതെ ആണ് അദ്ദേഹം നമ്മെ വിട്ടുപോയത്. കുടുംബത്തിന്റെ ഏക അത്താണി ആയിരുന്ന ഷംസുദ്ദീന്റെ അഭാവത്തിൽ, അദ്ദേഹത്തിന്റെ കുടുംബത്തിന് ഒരു സഹായം എന്നുള്ള നിലയിൽ ഒരു വീട് നിർമിച്ചു നൽകാനുള്ള തീരുമാനവും സംഘടന കൈകൊണ്ടു. ഇതിനായി, പ്രത്യേക ഫണ്ട് കളക്ഷനും നാം ആരംഭിച്ചു. ഈ പ്രവർത്തനങ്ങളും ഊർജിതമായി നടന്നുവരികയാണ്. അതായത് സംഘടനയുടെ ആഭിമുഖ്യത്തിൽ അഞ്ചു വീടുകളാണ് നമുക്കിടയിലെ ഏറ്റവും ദുരിതം അനുഭവിക്കുന്ന സഹപ്രവർത്തകർക്കായി നാം നിർമ്മിച്ച് നൽകുന്നത്. അശരണർക്ക് സാന്ത്വനമേകുക അവർക്ക് കൈത്താങ്ങാവുക എന്നത് പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കുന്നത് തന്നെയാണ് മഹത്തരമെന്നും നാം കരുതുന്നു.

ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുക എന്നത് മുതലാളിത്ത ലോകക്രമത്തിലെ ഭരണകൂടങ്ങളുടെ പരിഗണനയിൽ പലപ്പോഴും വരാത്ത വിഷയമാണ്. എന്നാൽ കേരളത്തിൽ, ലൈഫ് പദ്ധതി പോലുള്ള മാതൃകാ ഭവന പദ്ധതികളിലൂടെ ഭവനരഹിതർ/ ഭൂരഹിത ഭവന രഹിതർ തുടങ്ങിയവർക്കെല്ലാം മാന്യവും സുരക്ഷിതവുമായ പാർപ്പിട സംവിധാനമൊരുക്കി നൽകുന്ന സാഹചര്യം നിലവിലുണ്ട്. ഈ മാതൃകയിലാണ്, സമൂഹത്തിൽ നിരന്തരം ഇടപെട്ട് പ്രവർത്തിക്കുന്ന വർഗ്ഗ ബോധത്തിലൂന്നിയ ഒരു ട്രേഡ് യൂണിയൻ എന്നുള്ള നിലയിൽ ഭവനരഹിതരായ നമ്മുടെ കൂടപ്പിറപ്പുകൾക്ക് വീട് നിർമിച്ചു നൽകാനുള്ള ഉദാത്തമായ തീരുമാനം നാം എടുക്കുന്നത്.

***'വീട് നിർമ്മിച്ച് നൽകുക എന്നുള്ളത് ട്രേഡ് യൂണിയനുകളെ സംബന്ധിച്ച് ഒരു നിർബന്ധിത പ്രവർത്തനമല്ല. നിങ്ങൾ എന്തുകൊണ്ട് ഒരാൾക്ക് വീട് നിർമ്മിച്ചു നൽകിയില്ല എന്ന് ഒരാളും നിങ്ങളോട് ചോദിക്കുകയുമില്ല'.*** താക്കോൽ കൈമാറി കൊണ്ട് സ. ശൈലജ ടീച്ചർ പറഞ്ഞതാണിത്. ഒരു ഇടതുപക്ഷ ബോധത്തിൽ നിന്ന് മാത്രമേ ഇത്തരം സാമൂഹിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്നും ഏറ്റവും ചുരുങ്ങിയത് ഇടതുപക്ഷമായിരിക്കുക എന്നതാണ് മനുഷ്യരായി പിറന്നവർ ചെയ്യേണ്ടത് എന്നും ടീച്ചർ കൂട്ടിചേർത്തു. കഴിഞ്ഞകാലങ്ങളിൽ ഉടനീളം തൊഴിലാളികൾക്കിടയിൽ അവരുടെ അവകാശ പോരാട്ടങ്ങൾക്ക് വേണ്ടി സന്ധിയില്ലാതെ പ്രവർത്തിക്കുകയും, സ്ഥാപനത്തോടുള്ള  കൂറു പുലർത്തുകയും ചെയ്തു എന്ന ആത്മവിശ്വാസത്തിന്റെ അകമ്പടി തന്നെയാണ് ഇത്തരം സാമൂഹിക മാതൃകകൾ ഏറ്റെടുക്കാൻ നമുക്ക് പ്രചോദനമായത്. തീരുമാനിച്ച കാര്യങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്താൻ കഴിയും എന്നത് ജീവനക്കാർ സംഘടനയിൽ അർപ്പിച്ച വിശ്വാസത്തിന്റെ പ്രതിഫലനം കൂടിയാണ്.

ബിൽഡിംഗ് ഫണ്ടിനത്തിൽ ഉദാരമായ സംഭാവനകൾ നൽകി അതുവഴി ഈ സൽകർമ്മത്തിൽ പങ്കാളികളായ മുഴുവൻ ജീവനക്കാരെയും ഒരിക്കൽകൂടി അഭിവാദ്യം ചെയ്യുന്നു. നമ്മുടെ സംഘടന അതിന്റെ പ്രവർത്തന പദ്ധതികൾ കൊണ്ടും, ആശയ പരിസരങ്ങളിലെ ഔന്നത്യം കൊണ്ടും സമൂഹത്തിൽ ചർച്ചചെയ്യത്തക്കവണ്ണം മാതൃകാപരമായി വളർന്നിരിക്കുന്നു. സാമൂഹിക കാഴ്ചപ്പാടുകളെ കടലാസുകളിലും പ്രസംഗ വേദികളിലും മാത്രം ഒതുക്കാതെ പ്രായോഗികതലത്തിൽ നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞുവെന്നത് നിലവിലെ സാമൂഹിക അന്തരീക്ഷത്തിൽ ഒരു ബദൽ ട്രേഡ് യൂണിയൻ മാതൃകയാണ് സൃഷ്ടിക്കുന്നത്. ബാങ്കിംഗ് പോലുള്ള ഒരു മേഖലയിൽ പ്രവർത്തിക്കുന്ന നമ്മുടേതുപോലുള്ള ഒരു ട്രേഡ് യൂണിയന്, ചുരുങ്ങിയ സമയം കൊണ്ട് അഞ്ച് പേർക്ക് വീട് നിർമ്മിച്ചു നൽകാൻ സാധിക്കുന്നു എന്നുള്ള കാര്യം, മുന്നോട്ടുള്ള നമ്മുടെ ഉത്തരവാദിത്തം ഓർമ്മിപ്പിക്കുകയാണ്. ജീവനക്കാരോടും സ്ഥാപനത്തോടും സമൂഹത്തോടുമുള്ള കടമകൾ നിർവഹിച്ചു കൊണ്ട് കൂടുതൽ കരുത്തോടെ ശക്തിയായി മുന്നോട്ടു സഞ്ചരിക്കാൻ എല്ലാവരുടെയും സഹായങ്ങൾ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU
Mob: 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU
Mob: 9447383184

kartine29.deviantart